'കെൽ' വ്യവസായ സ്ഥാപനം

139 [2618] ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് 'കെൽ' വ്യവസായ സ്ഥാപനം നിലവിൽ വന്നത് എന്നാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനത്തിൽ എത്ര ജീവനക്കാർ ഇപ്പോൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത സ്ഥാപനം നിലവിൽ വന്നതിനുശേഷം ഓരോ വർഷത്തേയും ലാഭ-നഷ്ടക്കണക്ക് വ്യക്തമാക്കാമോ;

(ഡി) എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുന രുദ്ധാരണപ്രവർത്തനങ്ങൾ നടപ്പിലാക്കാൻ തെരഞ്ഞെടുത്ത പ്രസ്തുത സ്ഥാപനത്തിൽ എന്തെല്ലാം പദ്ധതികൾ എന്നേക്ക് നടപ്പിലാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 1990 ആഗസ്റ്റ് മാസത്തിലാണ് നിലവിൽ വന്നത്.

(ബി) 243 ജീവനക്കാരാണ് നിലവിലുള്ളത്.

(സി) ഓരോ വർഷത്തേയും ലാഭ-നഷ്ടക്കണക്ക് താഴെ കൊടുക്കുന്നു:

വർഷം	ലാഭം (ലക്ഷത്തിൽ)	നഷ്ടം (ലക്ഷത്തിൽ)
1990-91	..	396.58
1991-92	..	465.58
1992-93	..	601.78
1993-94	..	63.01
1994-95	..	534.03
1995-96	..	393.44
1996-97	..	30.51
1997-98	..	615.23
1998-99	..	140.55
1999-00	..	53.27
2000-01	..	271.79
2001-02	..	319.79
2002-03	+11.38 (താത്കാലികം)	..

(ഡി) എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാർ പരിശോധി ക്കുന്നതേയുള്ളൂ. അന്തിമതീരുമാനമൊന്നും എടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly